(ബി) ഈ പണി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പണിക്ക് 60 ലക്ഷം രൂപയുടെ ഭരണാനുമതി 1994-ൽ നൽകിയിരുന്നു. എന്നാൽ ഡിസൈന് അംഗീകാരം ലഭിക്കാതിരുന്നതിനാൽ പണി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടു. അംഗീകൃത ഡിസൈൻ അനുസരിച്ച് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി ഭരണാനുമതിക്കായി പരിശോധിച്ചുവരുന്നു. ഭരണാനുമതി, പ്രത്യേകാനുമതി, സാങ്കേതികാനുമതി, ബഡ്ജറ്റ് പ്രൊവിഷൻ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

ചിറ്റുമൂല-ശാസ്താംപൊയ്ക റോഡിലെ കെ.ഐ.പി. കനാലിനോട് അനുബന്ധിച്ചുള്ള അപ്രോച്ച് റോഡ് നിർമ്മാണം

45(948) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറ്റുമൂല-ശാസ്താംപൊയ്ക റോഡിലെ കെ.ഐ.പി കനാലിനോടനുബന്ധിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും സ്ലാബ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പണി എത്ര വർഷമായി മുടങ്ങിക്കിടക്കുകയാണ് ;

(സി) പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) എന്നത്തേയ്ക്ക് പണി പുനരാരംഭിക്കും ;

(ഇ) പണി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ചിറ്റുമൂല-ശാസ്താംപൊയ്ക റോഡിലെ കെ.ഐ.പി കനാലിനോടനുബന്ധിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും സ്ലാബ് നിർമ്മിക്കുന്നതിനുമുള്ള പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആദ്യത്തെ കരാറുകാരൻ കൊല്ലം സബ്കോടതിയിൽ നൽകിയിട്ടുള്ള കേസിൽ ഇനിയും തീർപ്പ് കല്പിച്ചിട്ടില്ല. കേസിന്റെ വിധി വന്നതിനുശേഷമേ നിലവിലുള്ള കരാറുകാരനെ ഒഴിവാക്കി പുതിയ എസ്റ്റിമേറ്റനുസരിച്ച് ടെൻഡർ വിളിച്ച് പണി തുടങ്ങാൻ കഴിയുകയുള്ളൂ.

(ബി) ആറ് വർഷം.

(സി,ഡി&ഇ) മുകളിൽ പറഞ്ഞ കേസിന്റെ വിധി വന്നാലുടൻതന്നെ പ്രസ്തുത റോഡിന്റെ പണി തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly